(ബി) ഈ പാലം പുതുക്കി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത് ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പാലം പുതുക്കിപ്പണിയുവാൻ നബാർഡിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നബാർഡിന്റെ അനുവാദം ലഭിച്ചു കഴിഞ്ഞുവോ;

(ഡി) ഈ പാലം പുതുക്കി പണിയുവാൻ എത്ര രൂപയുടെ അടങ്കൽ തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) നബാർഡ് സഹായത്തോടെ ഈ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നബാർഡ് സഹായം ഇതേവരെ ലഭ്യമായിട്ടില്ല.

(ഡി) 41 ലക്ഷം രൂപ.

മണ്ണാർക്കാട് കുന്തിപ്പുഴ പാലം സംരക്ഷിക്കാൻ നടപടി

315 [2372]. ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് കുന്തിപ്പുഴ പാലം ബലക്ഷയം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.എച്ച്. 213-ലെ പാലക്കാട്, മലപ്പുറം ജില്ലകളെ പരസ്പരം ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ പ്രാധാന്യം കണക്കിലെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ബദൽപാലം നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) മണ്ണാർക്കാട് കുന്തിപ്പുഴ പാലത്തിന് ബലക്ഷയം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി പുനരുദ്ധരിക്കുന്നതിനായി 23.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി MORTH-ന് സമർപ്പിച്ചിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly